അസമയത്തെ ആസുര കാഴ്ചകൾ

SCIENCE FICTION
അസമയം
ഹബീസി
വരുംകാല മനുഷ്യജീവിതം, ശാസ്ത്ര സാങ്കേതികതയുടെ വൻകുതിപ്പിനു മുന്നിൽ എന്തെന്തു ദശാസന്ധികളെയാവും നേരിടുക?
12
11
10
1
2
3
4
5
8

ആസുരവും ഭീതിദവുമായ ഒരു കാലത്തിന്റെ സംഘർഷാത്മകമായ അനുഭവങ്ങളിലൂടെയുള്ള സഞ്ചാരമാണ് ഹബീസിയുടെ നോവൽ- 'അസമയം'.

വർത്തമാനകാലത്ത് നാം നേരിടുന്ന സ്വത്വപ്രതിസന്ധികളെ, അപമാനവീകരണത്തെ, പിന്നെ ജൈവിക ചോദനകൾക്കുമേൽ മേൽക്കൈ നേടിയ യാന്ത്രിക ഉപഭോഗ സംസ്കൃതിയെപ്പറ്റിയെല്ലാമുള്ള ഉത്കണ്ഠകളുടെ ഉത്പന്നമത്രെ ഈ കൃതി.

ഒരു പതിറ്റാണ്ടിനപ്പുറം രചിച്ച ഈ നോവൽ വരുംകാല ദുരന്തങ്ങളെ കുറിച്ചുള്ള സൂചനകളാണ് അനുവാചകന് പകരുന്നത്. അത്തരമൊരു അശനിപാതത്തിന്റെ കുടുക്കുകളിൽ കീഴ്മേൽ മറിയുന്ന നിസ്സഹായനായ മനുഷ്യന്റെ വേദനകളാണ് പ്രതിപാദ്യ വിഷയമെന്ന് പറയാം.

ആത്മീയതയും മാനവികതയും പഴഞ്ചൻ മൂല്യങ്ങളായി പരിണമിച്ച ഒരു ദശാസന്ധിയിൽ മനുഷ്യനെന്നത് മികച്ച യന്ത്രതുല്യമായ ഒന്നായി പരിണമിക്കുന്നു. ജൈവിക തൃഷ്ണകളും കാമനകളുമെല്ലാം ഭൗതിക നേട്ടങ്ങൾ തേടിയുള്ള കുതിപ്പിന് വിഘാതമാണെന്ന് കരുതി, അവയെ വരുതിയിലാക്കുന്ന ഒരു ആൾക്കൂട്ടത്താൽ നിയന്ത്രിക്കപ്പെടുന്ന സമൂഹത്തിന്റെ പരിചേദമാണ് ഈ നോവൽ.

ജൈവ മനുഷ്യർ അന്യം വന്നുകൊണ്ടിരിക്കുന്ന, യാന്ത്രിക ജീവിതം അടിമുടി ഗ്രസിച്ച റോബോട്ടുകളുടേയും റോബോട്ടിക് പെറ്റുകളുടേയും അധിനിവേശഭൂമി. അപമാനവീകരിക്കപ്പെട്ട മനുഷ്യരേയും 'റോബോട്ടിക് പെറ്റു'കളേയും മാറിപ്പോയേക്കാം. അതീവ ജാഗ്രതയോടെ വർത്തിക്കേണ്ട ഒരിടം. ജീവിതം എപ്പോഴും കീഴ്മേൽ മറിഞ്ഞുപോവാം. ഒരർഥത്തിൽ ഭയക്കാനൊന്നുമില്ല; നഷ്ടപ്പെടാൻ നിങ്ങളുടെ മനോനില മാത്രം. പകരമൊന്ന് നിങ്ങൾക്ക് കിട്ടും, തീർത്തും നിങ്ങളല്ലാത്തത്.

നിങ്ങളുടെ മനസ്സ് ശരീരത്തിനെതിരെ ചാരപ്പണി നടത്തിയേക്കാവുന്ന ഒരു സ്ഥലിയാണത്. ഇഷ്കാൽ എന്ന കഥാപാത്രത്തെ പോലെ, പുതിയൊരു ശരീരത്തിന് വേണ്ടി നിങ്ങൾക്ക് കാത്തിരിക്കാനും കഴിയും. അതേ, ജീവിതത്തിലേക്ക് തിരിച്ചുവരാൻ കാത്തിരിക്കുന്ന മൃതശരീരങ്ങളുടെ കാലത്താണ് ഈ കഥ നടക്കുന്നത്! കാരണം, ക്രയോണിക്സ് അഥവാ മൃതശരീരം റിപ്പയർ ചെയ്ത് ജീവൻ തിരിച്ചു നൽകുന്ന ജൈവ സാങ്കേതിക വിദ്യ ഏതു നിമിഷവും യാഥാർഥ്യമായേക്കാം. ജീവൻ തെറാപ്പി അത്ഭുതങ്ങൾ പ്രകടിപ്പിച്ചു തുടങ്ങിയ കാലം. പ്രായം കുറക്കാനും ആയുസ്സ് കൂട്ടാനുമുള്ള വിദ്യകൾ വികസിക്കുകയാണ്.

ഹ്യൂമനോയ്ഡ് റോബോട്ടുകളാണ് മനുഷ്യന്റെ ദൈനംദിന ജീവിതത്തെ ക്രമപ്പെടുത്താൻ അവനെ സഹായിക്കുന്നത്. ആഗോളീകരണത്തിന്റെ അത്യുന്നതിയിലാണ് ലോകം. വിവരസാങ്കേതിക വിദ്യയും ജനിതക സാങ്കേതിക വിദ്യയും ഒന്നിച്ച് അധിനിവേശം നടത്തിയ ഒരു കാലവും ലോകവുമാണത്. കീഴടക്കുന്നവരും കീഴടങ്ങുന്നവരുമാണ് അവിടുത്തെ ജനത. മനുഷ്യ വികാസത്തിന്റെ ഘടികാര സൂചി ഇപ്പോൾ അസമയത്തിലേക്കടുക്കുകയാണ്. ഉപയോഗക്ഷമതയുടെ മത്സരക്കമ്പോളത്തിൽ മികച്ച മനുഷ്യന് മാത്രമേ അതിജീവിക്കാനും നിലനിൽക്കാൻ പോലും കഴിയുകയുള്ളൂ.

തന്റെ പിറക്കാനിരിക്കുന്ന കുഞ്ഞിന് മാനുഷികതയുടെ ചില ന്യൂനതകളായ വൈകാരികതയും സ്നേഹവും മറ്റും ഉൾച്ചേർന്നു പോകുമോ എന്ന ഭയപ്പാടിലാണ് ഇവിടെ മാതാപിതാക്കൾ കഴിയുന്നത്. മികച്ച ശിശുവെന്ന ന്യൂനതകളില്ലാതെ ഉത്പന്നത്തിനായി ഓർഡർ കൊടുത്ത് കാലമേറെയായി കാത്തുനിൽക്കുന്നവരുമുണ്ട് ഇവിടെ. കുറ്റമറ്റ ഒരുത്പന്നമാവണം കുഞ്ഞ്. അല്ലെങ്കിൽ ഒരു പാഴ്വസ്തുവായി പരിണമിക്കുമത്. എല്ലാവരും പുതിയ പുതിയ മോഡലുകളിലാണ് നോട്ടമിട്ടിരിക്കുന്നത്!

നോവലിന്റെ പശ്ചാതലമായ തരാർ എന്ന നഗരം അർധ മനുഷ്യരും യന്ത്ര മനുഷ്യരും തമ്മിൽ ഇടപെടുന്ന, സംവാദങ്ങളിലേർപ്പെടുന്ന, സംഭോഗത്തിലേർപ്പെടുന്ന ഒരു ഭൂമികയാണത്. ജീവിതത്തിന്റെ സമസ്ത മണ്ഡലങ്ങളിലും, അതായത് സ്നേഹം, പ്രണയം, കാമം, ഉപജീവനം തുടങ്ങിയവയൊക്കെ ഉൾപ്പെടെ ഓരോ മനുഷ്യന്റേയും ഇടപെടലുകളാണ് മറ്റൊന്നിനാൽ നിയന്ത്രിക്കപ്പെടുന്ന ഒരിടം. വികസിതമെന്ന് നാം ഘോഷിക്കുന്ന ഒരു ലോകക്രമത്തിന്റെ ഇരയായി മാറുന്ന മനുഷ്യന്റെ ദൈന്യതയും സംഘർഷവും അവയുടെ നിമ്നോന്നതകളുമാണ് നോവലിൽ ദർശിക്കാനാവുക.

ജൈവികവും സ്വാഭാവികവുമായ വികാര വിചാരങ്ങൾ കൈമോശം വരാത്ത തലമുറയുടെ അവസാന കണ്ണികൾ തരാറിൽ അവശേഷിക്കുന്നുണ്ട്. ഒരു തരത്തിൽ അവരുടെ മാനസിക സംഘർഷങ്ങളാണ് നോവലിൽ അനാച്ഛാദിതമാവുന്നത്.

പീറ്ററും ഇസബെല്ലയും അവരുടെ മകനായ റോബിൻ, പീറ്ററിന്റെ കൂട്ടുകാരി മായ, അവരുടെ സുഹൃത്ത് ബാർബറ, ബാർബറയുടെ സഹോദരൻ ഇഷ്കൽ എന്നിവരെ കൂടാതെ ബുദ്ധിയുടെ കാര്യത്തിൽ ഉയർന്നതരം റോബോട്ടും മനുഷ്യനെന്ന നിലയിൽ അപകടകാരിയുമെന്ന് വിശേഷിപ്പിക്കപ്പെട്ട കനിത്ക്കർ- സ്നേഹം മന്ദബുദ്ധികളുടെ ആഘോഷമാണെന്ന് കരുതുന്നയാൾ, ഇവരുടെ ഇടപെടലുകളിലൂടെ വിനിമയങ്ങളിലൂടെ ഈ നരകദൃശ്യം രചിക്കുന്നതിൽ ഹബീസി ഏറെ വിജയിച്ചിരിക്കുന്നു.

പീറ്ററും ഇസബെല്ലയും അവർക്ക് ജനിതക സാങ്കേതിക വിദ്യയിൽ പിറന്ന തങ്ങളുടെ മകനെ കുറിച്ച് ഏറെ ആകുലചിത്തരാണ്. യന്ത്രമനുഷ്യന്റെ ചേഷ്ടകളോടെ വികാര രഹിതമായി ജീവിതം നയിക്കുന്ന അവൻ തീർക്കുന്ന ആപത്ക്കരമായ സംഭവങ്ങൾ, അവനെ തിരുത്താനുള്ള മാതാപിതാക്കളുടെ ശ്രമങ്ങൾ, പലപ്പോഴും പീറ്ററിന്റേയും കണ്ണുകൾ ഈറനാക്കുന്നു. മകനായ റോബിന് ഇല്ലാത്ത ഒന്നാണത് - ആർദ്രത. മൈക്രോമെഷീനുകളെ സഹപാഠികളുടെ ശരീരത്തിലേക്ക് കടത്തിവിട്ട് പരീക്ഷണം നടത്തുകയാണവൻ; മാതാപിതാക്കളേക്കാൾ വലിയവനായി ജനിച്ചവൻ!

തങ്ങളുടെ വരുതിയിൽ നിന്ന് വഴുതിപ്പോകുന്ന റോബിനെ 'നേർവഴിയിലേക്ക്' നയിക്കാനുള്ള രക്ഷിതാക്കളുടെ ശ്രമങ്ങളൊക്കെ പാഴാവുന്നു. പിതാവിനെ നിഷേധിക്കുകയും കീഴ്പ്പെടുത്തുകയും ചെയ്യുന്ന അവൻ തന്റെ ആശയങ്ങളുടെ ആവിഷ്ക്കാരത്തിനായി 'അപകടകാരി'യായ കനിത്ക്കറുമായി സഖ്യം ചേരുന്നു. കനിത്ക്കറുമായുണ്ടാകുന്ന സംഘർഷങ്ങൾക്കൊടുവിൽ റോബിന് ജീവൻ നഷ്ടപ്പെടുന്നു. മാതാപിതാക്കൾക്ക് ദുഃഖമുണ്ട്, ആശ്വാസവും. കാരണം ക്രയോണിക്സ് സാങ്കേതികവിദ്യ പ്രായോഗികമായാൽ റോബിന് തിരിച്ചുവരാനാകും ജീവിതത്തിലേക്ക്!

ഇതിനിടെ ബാർബറയുടെ സഹോദരൻ ഇഷ്കലിന് യോജിച്ച ശരീരം വാഗ്ദാനം ചെയ്തിട്ടുണ്ട് കനിത്കറുടെ സ്ഥാപനം. ഒടുവിൽ, സ്വയം തന്റെ ശിരസ്സ് വേർപ്പെടുത്തി, ശരീരം ഇഷ്കലിന് വേണ്ടി അർപ്പിക്കുമ്പോൾ 'അസമയ'ത്തിന് താത്ക്കാലിക വിരാമമാവുകയാണ്.

ഓരോ മനുഷ്യന്റേയും മനോനിലകളെ, ചിന്തകളെ, സ്വകാര്യതകളെ ഒറ്റിക്കൊടുക്കുന്ന അപകടകരമായ ഒരു പിൻതലം 'അസമയ'ത്തിൽ നിറഞ്ഞു നിൽക്കുന്നു. നമ്മുടെ സ്വകാര്യതകളെ മറ്റൊരാൾ ചോർത്തിയെടുക്കുന്ന ഭീഷണമായ ഒരു വികാസത്തിൽ തകിടം മറിയുന്ന ജീവിതങ്ങൾ. ഇതിവൃത്തത്തേക്കാളേറെ സങ്കേതങ്ങളുടെ സൂക്ഷ്മ വിന്യാസങ്ങളിലൂടെ ഇത് അനുവാചകന് അനുഭവ ഭേദ്യമാകുന്നുണ്ട്. അത് നമ്മെ വിടാതെ പിന്തുടരുന്ന ഒരു അനുഭവമാകും, ആസന്ന ഭാവിയിൽ മനുഷ്യനെ കാത്തിരിക്കുന്ന ദുഃസ്വപ്ന തുല്യമായ യാഥാർഥ്യം. നിങ്ങളുടെ ഭൂതകാലത്തെ ബ്രെയിൻ ക്ലീനിംഗ് വഴി മസ്തിഷ്ക്കത്തിൽ നിന്ന് മാറ്റി പുതിയൊരുതലം സൃഷ്ടിക്കും. ബ്രെയിൻ ക്ലീനിംഗ് എന്നോ ബ്രെയിൻ ഡത്ത് എന്നോ വിളിക്കാവുന്ന ഈ സാങ്കേതികത്വമുപയോഗിച്ച് നിങ്ങൾക്ക് പലതരം ജീവിതം കൊണ്ടാടാം.

ആസുരമെന്ന് നാം ആലങ്കാരികമായി പറയുന്ന വർത്തമാന കാലത്തിന്റെ ഉത്തുംഗ ദശയിലാണ് ഈ നോവലിലെ കാലം. കറുത്ത മഴ പെയ്യുകയും ഓക്സിജൻ കിറ്റുകൾക്ക് വേണ്ടി ലഹള നടക്കുകയും ചെയ്യുന്ന ഒരു ലോകമാണത്.

നോവലിസ്റ്റ് ആമുഖത്തിൽ സൂചിപ്പിക്കുന്നതു പോലെ ഈ നോവൽ സംഭവിക്കുന്നത് അമ്പതോ നൂറോ വർഷങ്ങൾ കഴിഞ്ഞാവാം. ഒരുപക്ഷെ അത്രയും വേണ്ടി വരില്ലായിരിക്കാം.

ആധുനിക കാലത്തെ സസൂക്ഷ്മം വീക്ഷിക്കുന്ന ഒരാൾക്ക് അത്തരമൊരു കാലത്തിന്റെ ചിറകടി ശബ്ദം അടുത്തുവരുന്നതായി തോന്നും, ഈ നോവൽ വായിച്ചു കഴിയുമ്പോൾ.

കരുണാകരൻ പേരാമ്പ്ര

karunaperambra@gmail.com
habeeci@gmail.com

> **നോവലിസ്റ്റ് ആമുഖത്തിൽ സൂചിപ്പിക്കുന്നതു പോലെ ഈ നോവൽ സംഭവിക്കുന്നത് അമ്പതോ നൂറോ വർഷങ്ങൾ കഴിഞ്ഞാവാം. ഒരുപക്ഷെ അത്രയും വേണ്ടി വരില്ലായിരിക്കാം.**

EMBASSY OF INDIA
Indian Cultural Cen
ICC
പുസ്തക പ്രകാശനം
ഹബീസിയുടെ നോവൽ
അസമയം

'അസമയം' നോവൽ അറബ് എഴുത്തുകാരൻ അമീർ താജ് അൽസീർ പ്രകാശനം ചെയ്തപ്പോൾ. ഹബീസി, സി ആർ മനോജ്, മാധവിക്കുട്ടി, ഇന്ത്യൻ എംബസി ചാർജ് ഡി അഫയേഴ്സ് പി എസ് ശശികുമാർ, കരുണാകരൻ പേരാമ്പ്ര എന്നിവർ സമീപം